**പതിമൂന്നാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6311** — **08.07.2014 -ലെ മറുപടിക്ക്**

**പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുന്നംകുളം പോലീസ് സ്റ്റേഷനിൽ 2011, 2012, 2013 എന്നീ 3 വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) 2011ൽ 1892 കേസുകളും, 2012-ൽ 2620 കേസുകളും 2013-ൽ 2830 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്; | (ബി) 2011-ൽ 1316 കേസുകളിലും, 2012-ൽ 1943 കേസുകളിലും, 2013-ൽ 2525 കേസുകളിലും അന്വേഷണം നടത്തി ബഹു: കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) കുന്നംകുളം സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഒരു മുൻഗണനാലിസ്റ്റ് ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പ്രസ്തുത പഠന ശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ